വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനും വൈദ്യുതി പാഴാക്കികളയുന്നത് തടയുന്നതിനുമുള്ള നടപടി

13 (901) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനും, വൈദ്യുതി പാഴാക്കിക്കളയുന്നത് തടയുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

വൈദ്യുതിയുടെ ദുരുപയോഗം ചെറുക്കുന്നതിന് ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനോടൊപ്പം തന്നെ വൈദ്യുതിമോഷണം കണ്ടുപിടിക്കുന്നതിനുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി മോഷണത്തിന് തടവും പിഴയും നൽകുന്ന ഓർഡിനൻസ് 2003 ഏപ്രിൽ ഒന്നിന് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് വൈദ്യുതി മോഷണം ഗണ്യമായി കുറയ്ക്കും. കൂടാതെ വൈദ്യുതി ദുരുപയോഗം ചെയ്യാതിരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന "വൈദ്യുതി അമൂല്യമാണ്, അത് പാഴാക്കരുത്" എന്ന സന്ദേശത്തിന് വേണ്ടത്ര പ്രചാരം നൽകുന്നുണ്ട്. പത്രകുറിപ്പുകൾ വഴിയും വൈദ്യുതിയുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിന് ജനങ്ങളോട് അഭ്യർത്ഥിക്കാറുണ്ട്.

ലോഡ് ഷെഡ്ഡിംഗിലൂടെ നിയന്ത്രിക്കാൻ കഴിയുന്ന വൈദ്യുതി ഉപഭോഗം

14 (902) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോഡ് ഷെഡ്ഡിംഗിലൂടെ എത്രമാത്രം ഉപഭോഗം നിയന്ത്രിക്കാൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇടവപ്പാതി ശക്തിപ്പെടുന്നമുറയ്ക്ക് ജൂൺ മാസത്തോടെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഇപ്പോഴത്തെ ലോഡ് ഷെഡ്ഡിംഗിലൂടെ ഏകദേശം 2 ദശലക്ഷം യൂണിറ്റ് വൈദ്യുതി പീക്ക് സമയങ്ങളിൽ ലാഭിക്കുവാൻ കഴിയുന്നുണ്ട്.

(ബി) ഇടവപ്പാതി അവസാനം ജലത്തിന്റെ ലഭ്യത അനുസരിച്ച് തീരുമാനിക്കുന്നതാണ്.

കഴിഞ്ഞ അഞ്ചുവർഷത്തെ വൈദ്യുതോപഭോഗം

15 (904) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ഊർജ്ജ ഉപഭോഗത്തിന്റെ രീതി ശതമാനകണക്കിൽ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly